പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

07.03.2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1879

ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ ; | (എ) ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ യുടെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥരും സപ്ലൈകോയുടെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥരും സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം സംബന്ധിച്ച പ്രത്യേക പരിശോധനകൾ നടത്തി വരുന്നു. സപ്ലൈകോ വില്പന ശാലകളിൽ നിന്നും സ്കൂളുകളിലേക്ക് അരി വിതരണം നടത്തുന്ന അവസരങ്ങളിലും ഗുണമേന്മ സംബന്ധിച്ച പരിശോധനയും FIFO (First in first out) രീതിയും നടത്തി വരുന്നു. |
| (ബി) എഫ് സി ഐ യിലെ ക്വാളിറ്റി ഇൻസ്പെക്ടർമാർ, സപ്ലൈകോ ക്വാളിറ്റി ഇൻസ്പെക്ടർമാർ എന്നിവർ അരിയുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ടുകൾ നൽകിയിരുന്നോ; വിശദമാക്കാമോ;<br><br>(സി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) യും (സി) യും ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ യുടെ ക്വാളിറ്റി കൺട്രോളും സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരും സംയുക്ത പരിശോധന നടത്തി ഗുണനിലവാരമുള്ള അരിയാണെന്ന് ഉറപ്പ് വരുത്തിയാണ് FCI യിൽ നിന്നും അരി വിട്ടെടുക്കുന്നത്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാർ പ്രതിമാസം സമർപ്പിക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ പരിശോധനകളെ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ